LIBRARY ARCHIVES Kerala Legislative Assembly

കാട്ടുതീ തടയാൻ നടപടി

133 [2104] ശ്രീ. യു. സി. രാമൻ:

,, കളത്തിൽ അബ്ദുള്ള:

,, ടി. പി. എം. സാഹിർ:

,, ഇസ്ഹാക്ക് കുരിക്കൾ:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉണ്ടായ കാട്ടുതീ പടർന്ന് എത്ര ഹെക്ടർ വനഭൂമി കത്തിനശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) വനംകൊള്ളക്കാർ മുഖേനയാണ് കാട്ടുതീ ഉണ്ടായത് എന്നതിന് എന്തെങ്കിലും തെളിവുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തെ കാട്ടുതീമൂലം അടിക്കാടുകളും പുല്ലുകളുമാണ് കത്തിനശിച്ചിട്ടുള്ളത്. അതെല്ലാം തുടർന്ന് വന്ന മഴയിൽ കിളിർത്തുവന്നിട്ടുണ്ട്. അതുകൊണ്ട് കാട്ടുതീ പടർന്ന് വനഭൂമി നശിച്ചുപോയിട്ടില്ല. കഴിഞ്ഞവർഷമുണ്ടായ കാട്ടുതീ 14,301 ഹെക്ടർ വനഭൂമിയെ ബാധിച്ചിട്ടുണ്ട്.

(ബി) വനംകൊള്ളക്കാർ മുഖേനയാണ് കാട്ടുതീ ഉണ്ടായത് എന്നതിന് തെളിവുകൾ ലഭിച്ചിട്ടില്ല. കഴിഞ്ഞവർഷം ഉണ്ടായ അതിരൂക്ഷമായ ചൂടുമൂലവും സാധാരണ ലഭിക്കാറുള്ള വേനൽമഴ ലഭിക്കാത്തതിനാലുമാണ് കൂടുതൽ സ്ഥലങ്ങളിൽ കാട്ടുതീ ഉണ്ടായത്.

പാട്ടത്തിനു നൽകിയ വൻകിട എസ്റ്റേറ്റുകൾ

134 [2105] ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ്:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വൻകിട എസ്റ്റേറ്റുകളാണ് വനം വകുപ്പ് പാട്ടത്തിനു നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) അവ പാട്ടത്തിനു നൽകിയത് എത്ര വർഷം മുൻപാണ് എന്ന് വ്യക്തമാക്കാമോ;

(സി) പാട്ടത്തുക വർദ്ധനവ് സംബന്ധിച്ച് വനംവകുപ്പ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) എന്നാണ് പ്രസ്തുത തീരുമാനം എടുത്തത്?